# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1154 14.06.2012 - ൽ മറുപടിക്ക്**

## പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് ലൈസൻസി സമ്പ്രദായം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി** | : | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് മുൻപരിചയം ഉൾപ്പെടെയുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ലൈസൻസി സമ്പ്രദായം അനുവദിക്കുമോ ; | | (എ) പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് അവർ നൽകുന്ന അപേക്ഷയുടേയും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റേയും, വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ ബി ക്ലാസ് വരെയുള്ള കോൺട്രാക്ടർ ലൈസൻസ് നൽകാവുന്നതാണ്. |
| (ബി) പ്രസ്തുത മേഖലയിലെ നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം കണക്കിലെടുത്ത് അത്യാവശ്യ സാധനങ്ങൾ അംഗീകൃത ഗവൺമെന്റ് ഏജൻസികൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | | (ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയില്ല. |
| (സി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ ; | | (സി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സംവിധാനം |

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരത്ത് കെ. എച്ച്. ആർ. ഐ. യിലും നിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ട്. |
| (ഡി) | അന്യസംസ്ഥാന തൊഴിലാളി കൾക്ക് മിനിമം കൂലി ഏർപ്പെടു-ത്തുന്നതോടൊപ്പം സ്വദേശ തൊഴിലാളികൾക്ക് നൽകുന്ന സാമൂഹ്യസുരക്ഷാ സംവിധാന ങ്ങൾ വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി), (ഇ), (എഫ്) & (ജി) | ഇക്കാര്യങ്ങൾ ഇപ്പോൾ പരിഗണ-നയില്ല. |
| (ഇ) | പ്ലാൻ പാസ്സാക്കുമ്പോൾ തന്നെ സൈറ്റ് ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | | |
| (എഫ്) | പ്രൈവറ്റ് ബിൽഡിംഗ് കോൺ-ട്രാക്ടർമാർക്ക് ക്ഷേമനിധിയും പെൻഷനും നൽകുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (ജി) | പ്രൈവറ്റ് ബിൽഡിംഗ് കോൺ-ട്രാക്ടർമാർക്ക് സുതാര്യമായ രീതിയിൽ വായ്പാ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ